"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് ജില്ലയിലെ മുക്കം സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ സബ് രജിസ്ട്രാർ ഷീജ ടി.ജി, ഹെഡ് ക്ലാർക്ക് ഹിത ടി.സി എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരികാന്വേഷണം നടത്തുന്നതിന് കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**വിജിലൻസ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/VIG തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 18.01.2025-ലെ ഇ23-(എസ്.സി.4/2023/എസ്.സി.കെ)33687/2023/DVACB നമ്പർ കത്ത്.

2. 24.04.2025 ലെ വിജി-എ2/38/2025-വിജി നം സർക്കാർ കത്ത്.

3. ശ്രീമതി. ഷീജ. ടി.ജി യ്ക്കെതിരെയുള്ള 25.04.2025 തീയതിയിലെ വിജി-എ2/38/2025/വിജി നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.

4. ശ്രീമതി. ഹിത ടി.സി.യ്ക്കെതിരെയുള്ള 25.04.2025 തീയതിയിലെ വിജി-എ2/38/2025/വിജി നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
5. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 04.08.2025 ലെ IGR/2681/2025-ഇ7 നമ്പർ കത്ത് മുഖേന ലഭ്യമായ കുറ്റാരോപിതരുടെ എതിർവാദ പത്രികകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മുക്കം സബ് രജിസ്ട്രാർ ഓഫീസിലെ ഉദ്യോഗസ്ഥർ ഭൂമി രജിസ്ട്രേഷൻ നടപടികൾക്കായി പണം ആവശ്യപ്പെടുന്നതായുള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 16/09/23 തിയതി മുക്കം സബ് രജിസ്ട്രാർ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

**2. കണ്ടെത്തിയ ക്രമക്കേടുകൾ**

*1. റിക്കാർഡ് റൂമിലെ റാക്കുകളിൽ സൂക്ഷിച്ച വിവിധ രജിസ്റ്ററുകളുടെ പേജുകൾക്കിടയിലും*

രജിസ്റ്ററുകൾക്ക് അടിയിലും മറ്റും ഒളിപ്പിച്ച വെച്ചനിലയിൽ 4,800/- യുടെ ഇന്ത്യൻ കറൻസി നോട്ടുകൾ കാണപ്പെട്ടിട്ടുള്ളത് അധികൃതമായി പൊതുജനങ്ങളിൽ നിന്നും കൈപ്പറ്റിയതാണെന്ന് വ്യക്തമാവുന്നുണ്ട്.

2. ഹെഡ് ക്ലാർക്ക് ഹിത ടി സി (PEN 397906) എന്നവരുടെ സീറ്റിന്റെ ഇടതുവശം ഉള്ള മരത്തിന്റെ മേശയുടെ വലിപ്പിൽ KSFE 2023 എന്ന് പുറം ചട്ടയുള്ള ഡയറിയുടെ ഉൾവശം പേജിൽ സൂക്ഷിച്ച നിലയിൽ 500/- രൂപയുടെ ഇന്ത്യൻ കറൻസി നോട്ടും, അതേ മേശവലിപ്പിൽ തന്നെ സൂക്ഷിച്ചതായ കീരമ്പനാൽ കെ ജെ ജോസഫ്, താമരശ്ശേരി, കൂടരഞ്ഞി എന്നയാളുടെ പേരിൽ ഉള്ള 50 രൂപയുടെ CN 046937 നമ്പർ ബ്ലാങ്ക് മുദ്ര പേപ്പറിനോട് ജംക്ലിപ്പ് ചെയ്ത നിലയിൽ 420/- രൂപയും (200x1, 100x1, 50x2, 20x1) കണ്ടെടുത്തിട്ടുള്ളതും. ഹെഡ് ക്ലാർക്ക് ഹിത ടി സി എന്നവരുടെ കൈവശം 796/-രൂപ ഉള്ളതായും രജിസ്റ്ററിൽ 2100/- രൂപ എന്ന് രേഖപ്പെടുത്തിയതായും കാണുന്നു. ബാക്കി 1304/ രൂപയെപ്പറ്റി ചോദിച്ചതിൽ വ്യക്തമായ സമാധാനം ബോധിപ്പിച്ചിട്ടില്ലാത്തതിൽ നിന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ കൈവശമുള്ള തുക കൂട്ടതലായി രേഖപ്പെടുത്തിയതായും കൂടാതെ മേശപ്പുറത്ത് വിവിധ ആളുകളുടെ പേരിൽ 16-02-2022 മുതൽ 16-09-2023 തിയ്യതി വരെയുള്ള വിവിധ തിയ്യതി കളിലായി വാങ്ങിയ 8-ഓളം മുദ്ര പേപ്പറുകൾ അനധികൃതമായി സൂക്ഷിച്ച വെച്ചതായി കാണുന്നു.

3. അന്വേഷണത്തിൽ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ മുക്കം സബ് രജിസ്ട്രാർ ഓഫീസിലെ സബ് രജിസ്ട്രാർ ശ്രീമതി. ഷീജ. ടി.ജി, ഹെഡ് ക്ലാർക്ക് ശ്രീമതി.ഹിത.ടി.സി എന്നിവർക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, കൂടാതെ ശ്രീമതി ഷീജ ടി.ജി., ശ്രീമതി. ഹിത ടി.സി., എന്നിവർ വീണ്ടും പൊതുജനങ്ങളിൽ നിന്നും ആധാരം എഴുത്തുകാരിൽ നിന്നും അനധികൃതമായി പ്രതിഫലങ്ങൾ വാങ്ങാൻ ശ്രമിക്കുമെന്നുള്ളതിനാൽ ടി ഉദ്യോഗസ്ഥരെ പൊതുജനങ്ങളുമായി നേരിട്ട് സമ്പർക്കത്തിൽ വരാത്ത തസ്തികയിലേക്ക് മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ രജിസ്ട്രേഷൻ വകുപ്പ് മുഖേന സ്വീകരിക്കുന്നതിനും ശിപാർശ ചെയ്ത വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് ഡയറക്ടറുടെ ശിപാർശ സർക്കാർ അംഗീകരിക്കുകയും ടിയാളുകളെ സ്ഥലം മാറ്റുന്നതിനായി പരാമർശം (2) പ്രകാരം ഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു. കൂടാതെ മുക്കം സബ് രജിസ്ട്രാർ ഓഫീസിലെ സബ് രജിസ്ട്രാർ ശ്രീമതി. ഷീജ. ടി.ജി, ഹെഡ് ക്ലാർക്ക് ശ്രീമതി.ഹിത.ടി.സി എന്നിവർക്കെതിരെ കഠിനശിക്ഷയുള്ള അച്ചടക്ക നടപടി കൈക്കൊള്ളുവാൻ തീരുമാനിക്കുകയും അപ്രകാരം താഴെപ്പറയുന്ന കുറ്റങ്ങൾ ചുമത്തി പരാമർശം (3,4) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

**4. <u>സബ് രജിസ്ട്രാർ ശ്രീമതി. ഷീജ ടി.ജി യ്ക്കെതിരെയുള്ള കുറ്റങ്ങൾ.</u>**

താങ്കൾ 2023 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ മുക്കം സബ് രജിസ്ട്രാർ ഓഫിസിൽ സബ് രജിസ്ട്രാർ തസ്തികയിൽ ജോലി ചെയ്ത വരവെ താങ്കളും താങ്കളുടെ അറിവോട് കൂടി തന്നെ ഓഫിസിലെ ജീവനക്കാരും പൊതു ജനങ്ങളിൽ നിന്നും ആധാരം എഴുത്തുകാരിൽ നിന്നും ക്രമവിരുദ്ധമായി പണം കൈപറ്റിയിരുന്നതായും ഇത്തരത്തിൽ കൈപറ്റിയ 4,800/- രൂപയുടെ ഇന്ത്യൻ കറൻസിനോട്ടുകൾ റിക്കാർഡ് റൂമിലെ റാക്കുകളിൽ സൂക്ഷിച്ച രജിസ്റ്ററുകളിൽ ഒളിപ്പിച്ച വച്ചിരുന്നതായും വെളിവായിട്ടുള്ളതാണ്. കൂടാതെ, ഇത്തരത്തിൽ അനധികൃതമായി കൈപ്പറ്റിയ പണമായ 500 രൂപ, 420 രൂപ എന്നിങ്ങനെ ഹെഡ് ക്ലർക്കിന്റെ മേശവലിപ്പിനകത്തുനിന്നും 8

മുദ്രപേപ്പറുകൾ മേശയുടെ മുകളിൽ നിന്നും കണ്ടെടുത്തതായും വെളിവായിട്ടുള്ളതാണ്.മേൽ പ്രസ്താവിച്ചതായ വസ്തുതകൾ ഒരു സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള ഗുരുതരമായ പെരുമാറ്റ ദൂഷ്യവും കൃത്യവിലോപവുമാണ്. ആയത് സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളിൽ നിന്നും ഉണ്ടാകേണ്ടിയിരുന്ന അർപ്പണ ബോധത്തിനും സത്യസന്ധതയ്ക്കും സംഭവിച്ചിട്ടുള്ള പരാജയവും വിഴ്ചയുമായി കാണപ്പെടുന്നു. ആയതിനാൽ താങ്കൾക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു.

5. ഹെഡ് ക്ലാർക്ക് ശ്രീമതി. ഹിത ടി.സി.യ്ക്കെതിരെയുള്ള കുറ്റങ്ങൾ.

താങ്കൾ 2023 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ മുക്കം സബ് രജിസ്ട്രാർ ഓഫീസിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്ത് വരവെ പൊതു ജനങ്ങളിൽ നിന്നും ആധാരം എഴുത്തുകാരിൽ നിന്നും ക്രമവിരുദ്ധമായി പണം കൈപ്പറ്റിയിരുന്നതായും ഇത്തരത്തിൽ കൈപ്പറ്റിയ 4,800/- രൂപയുടെ ഇന്ത്യൻ കറൻസിനോട്ടുകൾ റിക്കാർഡ് റൂമിലെ റാക്കുകളിൽ സൂക്ഷിച്ച രജിസ്റ്ററുകളിൽ ഒളിപ്പിച്ചു വച്ചിരുന്നതായും വെളിവായിട്ടുള്ളതാണ്. കൂടാതെ താങ്കളുടെ സീറ്റിനരികിലുള്ള മേശയുടെ വലിപ്പിനുള്ളിൽ മുദ്ര പേപ്പറിനോട് പിൻ ചെയ്ത നിലയിൽ 420 രൂപയും ഡയറിയിൽ നിന്നും 500 രൂപയും അനധികൃതമായി സൂക്ഷിച്ചുവെച്ചതായും വെളിവായിട്ടുണ്ട്. കൂടാതെ താങ്കളുടെ മേശപ്പുറത്ത് നിന്നും വിവിധ ആളുകളുടെ പേരിൽ വിവിധ തിയ്യതികളിലായി വാങ്ങിയ 8 മുദ്ര പേപ്പറുകൾ അനധികൃതമായി സൂക്ഷിച്ചുവച്ചത് കണ്ടെടുക്കുകയും കൂടാതെ ക്രമവിരുദ്ധമായി കൈപ്പറ്റുന്ന പണം നിയമവിധേയമാക്കുവാനുള്ള ഗൂഢ ഉദ്ദേശത്തോട് കൂടി ക്യാഷ് പ്രോപ്പർട്ടി രജിസ്റ്ററിൽ കൈവശമുള്ള 796 രൂപയ്ക്ക് പകരം 2100 രൂപ എന്ന് തെറ്റായി തുക കൂട്ടി രേഖപ്പെടുത്തിയിരുന്നതായും വെളിവായിട്ടുള്ളതാണ്. മേൽ പ്രസ്താവിച്ചതായ വസ്തുതകൾ ഒരു സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള ഗുരുതരമായ പെരുമാറ്റ ദൂഷ്യവും കൃത്യവിലോപവുമാണ്. ആയത് സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളിൽ നിന്നും ഉണ്ടാകേണ്ടിയിരുന്ന അർപ്പണ ബോധത്തിനും സത്യസന്ധതയ്ക്കും സംഭവിച്ചിട്ടുള്ള പരാജയവും വിഴ്ചയുമായി കാണപ്പെടുന്നു. ആയതിനാൽ താങ്കൾക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു.

6. കുറ്റപത്രത്തിനെതിരെ കുറ്റാരോപിതർ സമർപ്പിച്ച എതിർവാദ പത്രികകൾ പരാമർശം (5) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

7. ശ്രീമതി. ഷീജ ടി.ജി. സമർപ്പിച്ച പ്രതിവാദ പത്രികയുടെ ചുരുക്കം.

റെക്കോർഡ് റൂമിലെ റാക്കുകളിൽ സൂക്ഷിച്ച രജിസ്റ്ററുകളിൽ 4800/-രൂപ ഒളിപ്പിച്ചു വച്ചിരുന്നതായി കണ്ടെത്തിയെന്ന കുറ്റാരോപണത്തിലെ ചാർജ്ജിന്, റെക്കോർഡ് റൂമിൽ ഹെഡ് ക്ലാർക്ക് ഉൾപ്പെടെ മറ്റുള്ള ജീവനക്കാർ പ്രവേശിക്കാറുണ്ടെന്നും, SRO-യുടെ ക്യാബിൻ സ്ഥിതി ചെയ്യുന്നത് റെക്കോർഡ് റൂമിൽനിന്നും സുമാർ 13 മീറ്റർ ദൂരെയാണെന്നും വിജിലൻസ് കണ്ടെടുത്ത പണത്തിന് ടിയാൾ ഉത്തരവാദിയല്ലായെന്നും, രാവിലെ റെക്കാർഡ് റൂം പരിശോധിച്ചപ്പോൾ ക്രമവിരുദ്ധമായി യാതൊന്നും കണ്ടില്ലായെന്നും, റെക്കോർഡ് റൂമിലെ ക്രമക്കേടിന് ഹെഡ് ക്ലാർക്കും മറ്റ് ക്ലാർക്കുമാരുമാണ് ഉത്തരവാദികളെന്നും ബോധിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ മേശയിൽ നിന്നും 920/- രൂപ കണ്ടെടുത്തതായ പരാമർശം സംബന്ധിച്ച ആരോപണം

ശരിയല്ലെന്നും അത് ഹെഡ് ക്ലാർക്ക് ആയ ശ്രീമതി. ഹിത ടി.സി എന്നവരുടെ മേശയിൽനിന്നാണെന്നും, ഞാനോ സഹപ്രവർത്തകരോ, ആധാരം എഴുത്തുകാരിൽനിന്നോ മറ്റാരിൽനിന്നോ, ആധാരം രെജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് യാതൊരുവിധ അനധികൃത ഇടപാട് നടത്തുകയോ പണം വാങ്ങുകയോ ചെയ്തിട്ടില്ലാത്തതാണെന്നും സബ് രജിസ്ട്രാർ ശ്രീമതി. ഷീജ ബോധിപ്പിച്ചിട്ടുണ്ട്.

8.ശ്രീമതി. ഹിത ടി.സി. സമർപ്പിച്ച പ്രതിവാദ പത്രികയുടെ ചുരുക്കം.

ഓഫീസിലെ റെക്കോർഡ് റൂമിന്റെ ചാർജ് തനിക്കല്ലെന്നും റിക്കാർഡ് റൂമിൽ നിന്നും വല്ല രേഖകളും ഞാൻ ഉൾപ്പെടെയുള്ള ക്ലാർക്ക്മാർക്ക് ഞങ്ങളുടെ ഡ്യൂട്ടിയുടെ ഭാഗമായി ആവശ്യമുള്ളപ്പോൾ ആയത് ബന്ധപ്പെട്ട ഓഫീസ് അറ്റൻഡന്റമാർ സബ്ബ് രജിസ്ട്രാറുടെ അനുമതിയോട് കൂടി റിക്കാർഡ് റൂമിൽനിന്നും എടുത്ത് നൽകാറാണ് പതിവെന്നും സംഭവകാലത്ത് റെക്കോർഡ്റൂമിൽ പോകേണ്ട യാതൊരു സാഹചര്യവും ഉണ്ടായിരുന്നില്ലെന്നും റെക്കോർഡ് റൂമിൽനിന്നും കണ്ടെടുത്ത പണത്തിന് ടിയാൾ ഉത്തരവാദിയല്ലായെന്നും, ഞാൻ ഉപയോഗിക്കുന്നതല്ലാത്തതും, എന്നാൽ ഓഫീസിലെ മറ്റ് സ്റ്റാഫുകൾ ഉപയോഗിക്കുന്നതുമായ ഒരു മേശപ്പുറത്ത് കണ്ട കെ.എസ്.എഫ്.ഇ-യുടെ 2023 ലെ ഡയറിയിൽ നിന്നും വിജിലൻസ് ഉദ്യോഗസ്ഥർ കണ്ടെടുത്തു എന്നു ആരോപിക്കുന്ന 500/- രൂപയുമായി എനിക്ക് യാതൊരു ബന്ധവുമില്ലെന്നും പൂട്ടില്ലാത്ത എന്റെ മേശയിൽ നിന്നും മുദ്ര പേപ്പറിനൊപ്പം ജംക്ലിപ്പ് ചെയ്തുവെച്ചതായി വിജിലൻസ് ഉദ്യോഗസ്ഥർ കണ്ടതായി പറയുന്ന 420/- രൂപയും മുദ്രപേപ്പറും കീരമ്പനാൽ കെ.ജെ. ജോസഫ് എന്നവർ രേഖകളുടെ പകർപ്പ് പ്രയോറിറ്റി ഫീസായി (210+210) തന്ന പണമായിരുന്നവെന്നും മേൽപറഞ്ഞ തുക സ്റ്റാംപ് പേപ്പറിനോടൊപ്പം ജംക്ലിപ്പ് ചെയ്തു നൽകിയശേഷം ടിയാന് തിരക്കുണ്ടെന്നും റസിപ്റ്റ് വാങ്ങാൻ പിന്നീട് വരാമെന്നും പറഞ്ഞ് പോവുകയാണുണ്ടായതെന്നും കെ.ജെ. ജോസഫിനെ ചോദ്യം ചെയ്താൽ ആയത് വെളിപ്പെടുന്നതാണെന്നും ആ വിവരം അപ്പോൾ തന്നെ വിജിലൻസ് ഉദ്യോഗസ്ഥരെ ബോദ്ധ്യപ്പെടുത്തിയതുമാണെന്നും തന്റെ കൈവശം ഉണ്ടായിരുന്ന 2100/- രൂപ തന്നെയാണ് ക്യാഷ് രജിസ്റ്ററിൽ ഡിക്ലയർ ചെയ്തതെന്നും മേൽ തുകയിൽ നിന്നും അന്നേദിവസം അവിടെ ഉണ്ടായിരുന്ന ബിരിയാണി ചാലഞ്ച് ഫെയറിൽ നിന്നും 900/- രൂപ മുടക്കി ഞാൻ ഓഫീസിലെ ജീവനക്കാർക്ക് ബിരിയാണി വാങ്ങി നൽകിയിരുന്നുവെന്നും മേൽപറഞ്ഞ 900/- രൂപ കഴിച്ച് ബാക്കി എന്റെ കൈവശം ഉണ്ടാവേണ്ടിയിരുന്നത് 1200/- രൂപയാണെന്നും ആയതിൽ നിന്നും 600/- രൂപ മുക്കം സബ്ബ് രജിസ്ട്രാർ ഓഫീസിന് അടുത്ത് തന്നെ ഡി.ടി.പി സെന്ററിൽ ജോലി ചെയ്യുന്ന ശ്യാമ എന്ന പെൺകുട്ടിയ്ക്ക് കടമായി നൽകിയെന്നും ആയത് കഴിച്ച് ബാക്കി കൈവശമുണ്ടാവേണ്ടിയിരുന്നത് 600/- രൂപയായിരുന്നെന്നും എന്നാൽ ബിരിയാണി വാങ്ങിയ വകയിൽ എനിക്ക് നൽകാനുള്ള പണം രണ്ട് ജീവനക്കാർ തിരികെ നൽകിയിരുന്നുവെന്നും ഒരാൾ 100 രൂപയും 100 രൂപ കൃത്യമായി ഇല്ലാത്തതിനാൽ മറ്റൊരാൾ 96 രൂപയുമാണ് നൽകിയതെന്നും അപ്രകരമാണ് എന്റെ കൈയ്യിൽ വിജിലൻസ് പരിശോധന സമയം 796/- രൂപ മാത്രം ബാക്കിയായതെന്നും സ്റ്റാംപ് പേപ്പറുകൾ നൽകിയ ശേഷം പണം അടക്കുന്നതിനുവേണ്ടി കാത്തിരിക്കാൻ പറഞ്ഞ ചില അപേക്ഷകർ പിന്നീട് വരാമെന്ന നിലക്ക് കാത്തിരിക്കാതെ പോയതിനെ തുടർന്ന് ഓഫീസിൽ അവർ നൽകിയ 8 സ്റ്റാമ്പ് പേപ്പറുകളാണ് വിജിലൻസ് ഉദ്യോഗസ്ഥർ കണ്ടെടുത്തെന്നും സ്റ്റാംപ് പേപ്പറുകളുമായി വരുമ്പോൾ അവർക്ക് ലഭിക്കേണ്ട രേഖകളുടെ പകർപ്പ് എത്രപേജ് വരുമെന്ന് പരിശോധിച്ച ശേഷം മാത്രമേ അവരിൽ നിന്നും ആവശ്യമായ ഫീസ് സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും സ്റ്റാംപ് പേപ്പർ ഇല്ലാതെ

*ഫീസ് മാത്രമായി അപേക്ഷ സ്വീകരിക്കാൻ കഴിയുകയില്ലെന്നും മേൽപറഞ്ഞ 8 സ്റ്റാമ്പ് പേപ്പറുകളും എന്റെ ഓഫീസിൽ വന്ന് പെട്ടതിന്റെ സാഹചര്യം മേൽപറഞ്ഞത് മാത്രമാണെന്നും ശ്രീമതി. ഹിത ടി.സി വിശദീകരണം സമർപ്പിച്ചിട്ടുണ്ട്.*

9. കുറ്റാരോപിതരുടെ വാദഗതികളുടെ കൂടി അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. മുക്കം സബ് രജിസ്ട്രാർ ഓഫീസിലെ ഉദ്യോഗസ്ഥർ ഭൂമി രജിസ്ട്രേഷൻ നടപടികൾക്കായി പണം ആവശ്യപ്പെടുന്നതായുള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മിന്നൽ പരിശോധന നടന്നത്. റെക്കോർഡ് റൂമിന്റെ ചാർജ് സബ് രജിസ്ട്രാർക്കാണ്. റെക്കോർഡ് റൂമിൽ അനധികൃതമായി പ്രവേശിക്കുന്ന ജീവനക്കാരെ തടയാനുള്ള ഉത്തരവാദിത്വം സബ് രജിസ്ട്രാറിന് ഉണ്ട്. 4800/-രൂപ ഒളിപ്പിച്ചു വച്ചിരുന്നതായി കണ്ടെത്തിയെന്ന കുറ്റാരോപണത്തിനെതിരായ ശ്രീമതി. ഷീജ ടി.ജി യുടെ വിശദീകരണം തൃപ്തികരമല്ല. കണ്ടെത്തിയ ക്രമക്കേടുകൾക്ക് വിജിലൻസ് പരിശോധന സമയം ശ്രീമതി ഹിത ടി.സി വ്യക്തമായ സമാധാനം ബോധിപ്പിച്ചിരുന്നില്ല. കുറ്റാരോപിതർ ഇപ്പോൾ സമർപ്പിച്ച വിശദീകരണത്തിലെ നിജസ്ഥിതി ബോധ്യപ്പെടണമെങ്കിൽ ഒരു ഔപചാരിക അന്വേഷണം അനിവാര്യമാണ്.

10. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദഗതികൾ അവർക്കെതിരെ ചുമത്തിയ കുറ്റം ഖണ്ഡിക്കുന്നതിന് പര്യാപ്തമല്ല. തങ്ങളെ നേരിൽ കേൾക്കണമെന്ന് കുറ്റാരോപിതർ താല്പര്യപ്പെട്ടിട്ടുമില്ല. മേൽ സാഹചര്യത്തിൽ, സബ് രജിസ്ട്രാർ ശ്രീമതി. ഷീജ ടി.ജി, ഹെഡ് ക്ലാർക്ക് ശ്രീമതി. ഹിത ടി.സി. എന്നിവർക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ഔപചാരികാന്വേഷണം നടത്തുന്നതിന് കേരള സിവിൽ സർവീസസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

11. കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണലിൽ സർക്കാരിന് വേണ്ടി കേസ് നടത്തുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടറെ ചുമതലപ്പെടുത്തുന്നു.

12. ടി കേസ് സംബന്ധിച്ച വസ്തുതകൾ വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ കാര്യക്ഷമമായി അവതരിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ പബ്ലിക് പ്രോസിക്യൂട്ടർക്ക് വിജിലൻസ് ഡയറക്ടർ/രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം ടി കെ
ജോയിന്റ് സെക്രട്ടറി

1.വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള രേഖകൾ സഹിതം. )

2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ , തിരുവനന്തപുരം.

3.ശ്രീമതി. ഷീജ ടി.ജി., പെൻ-386536, സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, മുക്കം W/o മഹേന്ദ്രൻ എസ്സ്, വയലിൻ പുത്തൻ വീട്, ചാത്തന്നൂർ പി.ഒ, കൊല്ലം. (രജിസ്ട്രേഷൻ

ഇൻസ്പെക്ടർ ജനറൽ മുഖാന്തരം)

4.ശ്രീമതി. ഹിത ടി.സി, പെൻ-397906, ഹെഡ് ക്ലാർക്ക്, സബ് രജിസ്ട്രാർ ഓഫീസ്, മുക്കം, W/o മുരുകൻ, ചെങ്ങത്താഴത്ത് (വീട്), ചാത്തമംഗലം പി.ഒ, കോഴിക്കോട് (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖാന്തരം)

5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

6. ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ( ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തരം)

7. നികുതി വകുപ്പ് (03.09.2025 ലെ ഇ2/129/2025-നി.വ പ്രകാരം)

8. വെബ് & ന്യൂ-മീഡിയ

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 03-01-2026 17:19:02
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് പേർസണൽ സെക്രട്ടറിക്ക്